LIBRARY ARCHIVES Kerala Legislative Assembly

അക്കാദമി ' സർഗ്ഗഭൂമിക' എന്ന ഓൺലൈൻ പ്ലാറ്റ്ഫോം വഴി കലാകാരന്മാർക്ക് പ്രതിഫലത്തോടെ പരിപാടികൾ അവതരിപ്പിക്കാൻ അവസരം നൽകി. ഈ സർക്കാരിന്റെ ഭരണകാലത്ത് നൂറു കേരള ഗാനങ്ങൾ രചിച്ച് സംഗീതം നൽകി പാടുന്ന കലാകാരന്മാർക്ക് ഓരോരുത്തർക്കും 5000 രൂപ വീതം നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 25 അമേച്വർ കലാസമിതികൾക്ക് 2 ലക്ഷം രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾ കേരള സംഗീത നാടക അക്കാദമിയുടെ നേതൃത്വത്തിൽ നടന്നുവരുന്നു. കോവിഡ് ലോക്ക്ഡൗൺമൂലം പ്രതിസന്ധി നേരിടുന്ന കലാസമൂഹത്തിന് സാമ്പത്തികമായും മാനസികമായും കൈത്താങ്ങാവുന്ന തരത്തിൽ മൂപ്പത് ദിവസം ദൈർഘ്യമുള്ള ഒരു നവമാധ്യമ കലാസംഗമം സാംസ്കാരികകാര്യ വകുപ്പിനുവേണ്ടി 'മഴമിഴി ' എന്ന പേരിൽ ആകെ 99,75,000 രൂപ എസ്റ്റിമേറ്റിൽ സംഘടിപ്പിക്കുന്നതിന് ഭരണാനുമതി നൽകുകയും അതുപ്രകാരം പദ്ധതി നടപ്പിലാക്കി വരികയും ചെയ്യുന്നു. ലളിതകലാ അക്കാദമി കോവിഡ് സമാശ്വാസ പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച ' നിറകേരളം ' ചിത്രരചനാ പരിപാടിയിൽ 250 കലാകാരന്മാർക്ക് 20,000 രൂപ വീതം ധനസഹായവും, പെയിന്റിംഗ് ഉപകരണങ്ങളും വിതരണം ചെയ്തിട്ടുണ്ട്.

ഗ്രാമീണ കലാകാരന്മാരുടെ സംരക്ഷണം

297(5745) ശ്രീ. വി. ജോയി:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. എം.വിജിൻ:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമീണ കലാകാരന്മാരെ സംരക്ഷിക്കുന്നതിന് സാംസ്കാരിക വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ?

ഗ്രാമീണ കലാകാരന്മാരുടേയും കരകൗശല വിദഗ്ധരുടേയും നൈപുണ്യം ശക്തിപ്പെടുത്തുക, ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുക, അവർക്ക് ഉപജീവന സുസ്ഥിരത ഉറപ്പാക്കുക, സർവ്വോപരി സമ്പന്നമായിരുന്ന കേരളത്തിന്റെ ഗ്രാമീണ കരകൗശല പൈതൃകത്തെ സംരക്ഷിക്കുക തുടങ്ങിയവയുടെ ലക്ഷ്യപ്രാപ്തിക്കായി സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് ഗ്രാമീണ കലാകേന്ദ്രം (Rural Art Hub) പദ്ധതി. സംസ്ഥാനത്തെ 20 കരകൗശല പൈതൃക ഗ്രാമങ്ങളിൽ സ്വയംസഹായ സംഘങ്ങൾ രൂപീകരിച്ചുകൊണ്ട് ഗ്രാമീണ

LIBRARY ARCHIVES Kerala Legislative Assembly

കരകൗശല കലാകാരന്മാർക്ക് നൈപുണ്യ പരിശീലനവും ഈടുറ്റ വിപണി ബന്ധങ്ങളും ഉറപ്പാക്കിവരുന്നു. ഗ്രാമീണ കലാകേന്ദ്രം (Rural Art Hub) പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിനും വൈവിദ്ധ്യവൽക്കരിക്കുന്നതിനുമുള്ള നടപടി സർക്കാർ സ്വീകരിച്ചുവരുന്നു. ഗ്രാമീണ മേഖലയിലും ചെറുപട്ടണങ്ങളിലും കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് വേദികൾ ലഭ്യമല്ലാത്തിടങ്ങളിൽ മതിയായ സ്ഥലസൗകര്യമുള്ള പാതയോരങ്ങളോ പൊതുയിടങ്ങളോ കണ്ടെത്തി നാട്ടരങ്ങ് എന്ന പേരിൽ രംഗവേദികൾ സ്ഥാപിക്കുന്ന നാട്ടരങ്ങ് പദ്ധതിയും സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. സാംസ്കാരിക വകുപ്പിന് കീഴിലുള്ള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള എല്ലാ വിഭാഗം കലാകാരന്മാർക്കും ക്ഷേമനിധി ആക്ട് പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. സംസ്ഥാനത്ത് ഗ്രാമീണ കലാകാരന്മാരെ സംരക്ഷിക്കുന്നതിന് ഇത്തരം പദ്ധതികളിലൂടെ സാംസ്കാരിക വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കെ.എസ്.എഫ്.ഡി.സി.-ക്ക് ഗ്രാമപ്രദേശങ്ങളിൽ തിയേറ്റർ ശൃംഖല സ്ഥാപിക്കാൻ പദ്ധതിയുണ്ടോ?

സാംസ്കാരിക വകുപ്പിന് കീഴിലുള്ള കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഗ്രാമപ്രദേശങ്ങളിൽ ഉൾപ്പെടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്ഥലം അനുവദിക്കുന്ന, തിയേറ്ററിന് അനുയോജ്യമെന്ന് കണ്ടെത്തുന്ന സ്ഥലങ്ങളിൽ, തിയേറ്റർ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

ടൂറിസം മേഖലയുടെ വളർച്ചയ്ക്ക് തനത് കലകളുടെ പ്രചാരണം

298(5746) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിൽ സംസ്ഥാനത്തിന്റെ അനന്തമായ സാധ്യതകൾ പരിഗണിച്ച് വിദേശ രാജ്യങ്ങളിൽ കേരളത്തിന്റെ തനത് കലകളുടെ പ്രചാരണത്തിന് പ്രത്യേക പരിഗണന നൽകുമോ; എങ്കിൽ ആയതിലേയ്ക്കായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാന സർക്കാരിന്റെ സാംസ്കാരിക വിനിമയ കേന്ദ്രമായ ഭാരത് ഭവന്റെ നേതൃത്വത്തിൽ കേരളത്തിന്റെ തനത് കലകളുടെ പ്രചരണത്തിനായി വിദേശ രാജ്യങ്ങളിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. 2021 നവംബർ 14 മുതൽ 20 വരെ കേന്ദ്ര സാംസ്കാരിക വകുപ്പ്, സൗത്ത്സോൺ കൾച്ചറൽ